

# പട്ടികജാതിക്കാർ ഒറ്റക്കെട്ടായി വാ, നമുക്ക് എത്രഭൂമി കയ്യേറണം?

ളാഹ ഗോപാലൻ

നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു വിഷയമാണ് ഭൂമിയുടെ രാഷ്ട്രീയം. ജീവൻ നിലനിർത്തുന്നതിൽ ഭൂമിക്കുള്ള പ്രാധാന്യം വളരെ വലുതാണ്. പക്ഷെ, കേരള ജനത ഇതിനെക്കുറിച്ച് കാര്യമായി ചിന്തിക്കാൻ തുടങ്ങിയത് 2007ൽ ചെങ്ങറ സമരത്തിന്റെ ആരംഭത്തോടെയാണ്. ഭൂമിയുടെ അവകാശത്തേയും ആവശ്യത്തേയും കുറിച്ച് പറയാനുള്ള വഴി തുറന്നുകൊടുത്തത് ചെങ്ങറ സമരമാണ്. മിച്ചഭൂമി, കുടികിടപ്പുഭൂമി, ജന്മിയുടെ കൈവശമുള്ള ഭൂമി എന്ന് പലതരത്തിലാണ് കേരളത്തിൽ ഭൂമിയെ അതിന്മേലുള്ള അവകാശത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിരിക്കുന്നത്. പിന്നെ ഈ കൂട്ടത്തിലൊന്നും പെടാതെ ഒരു കൂട്ടരുള്ളത് അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്നവരാണ്. ദൈവത്തിന്റെ പേരുപറഞ്ഞ് കുറേയാളുകളും സന്തോഷ് മാധവനും, അമൃതാനന്ദമയിയും, കെ.പി. യോഹന്നാനുമെല്ലാം കൃത്രിമ രേഖകൾ വഴി ഭൂമി കൈവശപ്പെടുത്തി വച്ചിട്ടുണ്ട്.

പൊന്തക്കോസ്തിലേക്ക് പോയ ദളിത് വിഭാഗക്കാർ ക്രിസ്തുവിനെ കണ്ട് പരിവർത്തനമാഗ്രഹിച്ച് പോയതല്ല. സ്കൂളിൽ പോകുന്നതുൾപ്പെടെയുള്ള ജീവിതാവശ്യങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ്. എന്നാൽ ക്രിസ്തുമതത്തിലേക്കും മുസ്ലീം മതത്തിലേക്കുമൊക്കെപ്പോയ ദളിതർക്ക് അവിടെയും തരം തിരിവുകളുണ്ടായി. ഒന്നാം ക്രിസ്ത്യാനി, രണ്ടാം ക്രിസ്ത്യാനി എന്നെല്ലാം വിഭജനങ്ങളുണ്ടായി. അവർ ജീവിച്ചിരുന്ന സാഹചര്യത്തിന് മാറ്റമൊന്നുമുണ്ടായില്ല. ഭൂമിയെ തൊടീക്കാത്ത ഒരു വർഗ്ഗവും ഭൂമിയിൽ തൊടാത്ത ഒരു വർഗ്ഗവും കേരളത്തിലുണ്ടായി. സമ്പന്നവർഗ്ഗത്തിന്റെ കുഞ്ഞുങ്ങൾ ജനിക്കുന്ന നാൾ മുതൽ ഭൂമിയെ തൊടാതെ വളരുന്നു. പക്ഷെ മണ്ണിന്റെ അധികാരമെല്ലാം അവരുടെ കൈവശം വന്നുചേരുന്നു.

രണ്ടാഴ്ച മുമ്പ് കളക്ടർ ചെങ്ങറ സമരക്കാരെ ചർച്ചയ്ക്ക് വിളിക്കുകയും സമരക്കാർക്കെല്ലാം തരാൻ മിച്ചഭൂമിയില്ലാത്തതിനാൽ ചെങ്ങറ സമരത്തെക്കുറിച്ച് ആശങ്കയുണ്ടെന്ന് ആർ.ഡി.ഒ. ആ യോഗത്തിൽ ഞങ്ങളോട് പറയുകയും ചെയ്തു. മിച്ചഭൂമിയിലായിരുന്നു ഞങ്ങളുടെ പ്രതീക്ഷ. പക്ഷെ ഇപ്പോൾ കേരളത്തിൽ മിച്ചഭൂമിയും ഇല്ലാതായിരിക്കുന്നു. ഭൂമിയുടെ കാര്യത്തിൽ തുല്യനീതി ഇല്ലാത്തതിനാലാണ് ഈ വിഭാഗത്തിന് മിച്ചഭൂമി നോക്കിയിരിക്കേണ്ടി വരുന്ന അവസ്ഥയുണ്ടായത്. ഭൂമിയുടെ കാര്യത്തിൽ ഒരു വിധത്തിലും തുല്യതയില്ലാത്തതിനാലാണ് ഒരു വിഭാഗത്തിന് മിച്ചഭൂമി നോക്കിയിരിക്കേണ്ടിവരുന്ന അവസ്ഥയുണ്ടായത്. ഭൂമിയുടെ കാര്യത്തിൽ ഒരു രീതിയിലും തുല്യതയില്ലാത്ത ജനങ്ങൾ ഭൂമിയുള്ളവരേക്കാൾ കൂടുതലായി. കൂടാതെ അവർ അസംഘടിത വിഭാഗങ്ങളായി തുടരുകയും

**ബഹുമാനപ്പെട്ട എം.എൽ.എ. രാജു എബ്രഹാം ചിറ്റാർ എസ്റ്റേറ്റിൽ നിന്നും 5 ഏക്കർ ഭൂമി 5 ലക്ഷം രൂപയ്ക്കാണ് അടുത്തിടെ വാങ്ങിയത്. ഇതെല്ലാം പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയാണ്. ഇതിനെ ചോദ്യംചെയ്യുവാനും അന്വേഷിക്കാനുമൊന്നും ആരും തയ്യാറല്ല. എല്ലാവർക്കും ചെങ്ങറ സമരത്തെ കുറ്റംപറഞ്ഞാൽ മതി. നമ്മുടെ പട്ടികജാതിക്കാർക്കിടയിലുള്ള വിഭാഗീയത കൂടി വരുന്നത് ആർക്കും ഗുണപ്രദമല്ല. നിങ്ങൾക്കെല്ലാവർക്കും ഭൂമി വേണോ നിങ്ങളെല്ലാവരുംകൂടി വാ, നമുക്കൊരുമിച്ച് സമരം ചെയ്യാം. അല്ലാതെ എനിക്ക് വേറെ താൽപ്പര്യങ്ങളൊന്നുമില്ല.**

ചെയ്തു. ഭൂമി എല്ലാവരുടെയും പക്കൽ എത്തുന്ന രീതിയിലുള്ള ഒരു ഭൂപരിഷ്ക്കരണമല്ല ഇവിടെ നടന്നത് എന്നതിന്റെ തെളിവാണിത്.

21 വയസ്സ് പൂർത്തിയായവർക്കെല്ലാം 5 ഏക്കർ എന്ന കണക്കിൽ ഭൂമി പങ്കിട്ടെടുക്കാൻ അധികാരം നൽകിയ ഭൂപരിഷ്ക്കരണ ബില്ല് കുടികിടപ്പുകാരന് പഞ്ചായത്തിൽ 10 സെന്റും മുൻസിപ്പാലിറ്റിയിൽ 5 സെന്റും കോർപ്പറേഷനിൽ 3 സെന്റും ഭൂമി മതിയെന്ന് തീരുമാനിക്കുകയായിരുന്നു. സോഷ്യലിസം പറഞ്ഞ് അധികാരത്തിൽ വന്ന ഒരു രാഷ്ട്രീയപാർട്ടി അവതരിപ്പിച്ച ബില്ലാണിതെന്നോർക്കണം. ആരാണ് ഈ കുടികിടപ്പുകാർ? പട്ടികജാതിക്കാരും, അവശവിഭാഗങ്ങളും, ആദിവാസികളുമാണവർ. പത്തനംതിട്ട ജില്ലയിലെ മൂഴിയാർ വനമേഖലയിൽ ഗവൺമെന്റ് അവഗണനയിൽ നാളുകളായി കഴിയുന്ന മൃഗതുല്യരായ ആദിവാസികളുണ്ട്. 1990-ൽ കേരളം സമ്പൂർണ്ണ സാക്ഷരത പ്രഖ്യാപിച്ച സമയത്ത് ഇവരെ സംഘടിപ്പിച്ച് പത്തനംതിട്ട കളക്ട്രേറ്റിനുമുമ്പിൽ 6 മാസവും 18 ദിവസവും ഞങ്ങൾ സമരം നടത്തി. അന്നത്തെ ആദിവാസി ക്ഷേമവകുപ്പ് മന്ത്രിയുമായി ചർച്ചചെയ്ത് ഇവർക്കെല്ലാം അടിസ്ഥാന സൗകര്യങ്ങളും റേഷൻകാർഡും നൽകാമെന്ന് വാഗ്ദാനം നൽകിയിരുന്നു. ആ സമയത്താണ് കെ.എസ്.ഇ.ബിയിൽ ചില്ലറ പണിക്കാരനായിരുന്ന എന്നെ കാസർഗോഡേക്ക് സ്ഥലം മാറ്റിയത്. ഞാൻ തിരിച്ച് വന്നപ്പോഴേക്കും പാർട്ടിക്കാരെല്ലാം ചേർന്ന് അവരെ അവിടെ നിന്നും അടിച്ചോടിച്ചിരുന്നു. ഇപ്പോഴും ശബരിമല സീസണിൽ ഇക്കൂട്ടർ കാട്ടിൽ നിന്നും പുറത്ത് വന്ന് കാട്ടിലെ ഉൽപ്പന്നങ്ങൾ ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് വിറ്റ് പണവുമായി കാട്ടിലേയ്ക്ക് തിരികെ പോയി അതുകൊണ്ടാണ് അടുത്ത ശബരിമല സീസൺ വരെ കഴിയുന്നത്.

ചെങ്ങറ സമരം ഇപ്പോൾ ഒരു വർഷം പൂർത്തിയാവുകയാണ്. കേരളത്തിലുണ്ടായിട്ടുള്ള ജനകീയ സമരങ്ങളെല്ലാം അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നം സമരം തുടങ്ങുമ്പോഴുണ്ടാകുന്ന ആളുകളെ പിന്നീട് കാണാതാകുന്നു എന്നതാണ്. എന്നാൽ ചെങ്ങറ സമരത്തിന് ആ ഗതി വന്നിട്ടില്ല. ചെങ്ങറയിലേയ്ക്ക് ദിനംപ്രതി സമരക്കാർ വന്നുകൊണ്ടിരിക്കുകയാണ്. ദളിത് വിഭാഗത്തിൽ നിന്നല്ലാത്തവരെ തൽക്കാലം ഇപ്പോൾ ഞങ്ങൾ ഒഴിവാക്കി നിർത്തിയിരിക്കുകയാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ അവർക്ക് ഭൂമികൊടുക്കാനുള്ള പ്രൊവിഷനില്ല. ചെങ്ങറ തോട്ടത്തിലെ കാലാവധി കഴിഞ്ഞ റബ്ബർ മരങ്ങൾ വെട്ടി പാലെടുത്താണ് ഇപ്പോഴവിടെയുള്ള കുടുംബങ്ങൾ പറയുന്നത്.

പക്ഷെ, ഇത് അവിടെയുള്ള ചില മാർക്സിസ്റ്റ് സഖാക്കൾക്ക് പിടിച്ചില്ല. അവർ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് ഹാരിസണിന്റെ ചണ്ടി ഞങ്ങൾ മോഷ്ടിക്കുകയാണെന്ന് പറഞ്ഞ് ഞങ്ങളെ പിടിച്ച് പോലീസിൽ ഏൽപ്പിക്കുന്നു. ഇത് ആർക്കും വേണ്ടാതെ കിടന്ന റബ്ബർ മരങ്ങളാണ്. ഈ മരങ്ങൾ മാറ്റി പുതിയ മരം വയ്ക്കാനായി ഹാരിസൺ തുനിഞ്ഞപ്പോഴാണ് വനംവകുപ്പ് അതിനുള്ള അധികാരം അവർക്കില്ലെന്ന് പറഞ്ഞ് ഹാരിസണ് നോട്ടീസ് നൽകിയത്. ആ നീക്കം അതോടെ മരവിച്ചപ്പോഴാണ് ഞങ്ങൾ ചെങ്ങറ തോട്ടത്തിൽ കയറിയത്. ഉപയോഗിക്കാൻ പറ്റാത്ത ആ മരത്തിൽ നിന്നും വെട്ടിക്കീറി പാലെടുത്തുകൊണ്ടുപോയിട്ടാണ് ഞങ്ങൾ അരിവാങ്ങി കഴിയുന്നത്. ഹാരിസൺ സർക്കാരിലയടക്കാനുള്ള കുടിശ്ശിക വാങ്ങിക്കൊടുക്കുന്നതിലാണ് ഡി.വൈ.എഫ്.ഐ. സഖാക്കൻമാർ പ്രതിബദ്ധത കാണിക്കേണ്ടത്. അല്ലാതെ കർഷകതൊഴിലാളികളായ ഭൂരഹിതരെ മോഷ്ടാക്കളെന്ന് പറഞ്ഞ് പോലീസിൽ പിടിച്ചുകൊടുക്കുകയല്ല വേണ്ടത്. കർഷകതൊഴിലാളികളോട് കടപ്പെട്ടിരിക്കുന്ന ഒരു പാർട്ടി കടമകൾ നിർവ്വഹിക്കാതെ ഒരു വർഷക്കാലമായി ന്യായമായ കാരണത്തിനുവേണ്ടി നടക്കുന്ന ഒരു സമരത്തെ വേണ്ടവിധത്തിൽ പരിഗണിക്കാതെ അവരെ മോഷ്ടാക്കളെന്ന് മുദ്രകുത്തുമ്പോൾ, പോലീസിൽ പിടിച്ചേൽപ്പിക്കുമ്പോൾ അവർ തള്ളിപ്പറയുന്നത് അവരുടെ ചരിത്രത്തെയാണ്. സ്ക്വാഡ് എന്ന പേരിൽ മോഷണം തടയാനെന്ന വ്യാജേന അവരിപ്പോൾ ഗുണ്ടകളെപ്പോലെ പ്രവർത്തിക്കുകയാണ്. ചെങ്ങറ സമരത്തിലുള്ള കർഷകതൊഴിലാളികളായ പാവങ്ങളെക്കൊണ്ട് അവർക്കെന്തുപ്രയോജനം?. ഹാരിസൺ കൊടുക്കുന്നതിലും വലിയ പാർട്ടി പണ്ട് കൊടുക്കാൻ ഞങ്ങളെക്കൊണ്ട് കഴിയില്ലല്ലോ. സി.പി.ഐ.ക്കാർക്ക് ജനയുഗം പത്രം വീണ്ടും തുടങ്ങാനുള്ള കാശുകൊടുത്തത് ഹാരിസൺ ആണെന്ന് ഇവിടെ എല്ലാവർക്കുമറിയാം. അധികാരത്തിന്റെ ചെങ്കോൽ ഈ പാർട്ടിക്കാരുടെയെല്ലാം കൈകളിലെത്തിച്ചത് ഈ പാവങ്ങളാണെന്ന് അവരോർക്കണം. വോട്ട് ഞങ്ങളുടെയും കാശ് മുതലാളിമാരുടെയും എന്നതാണ് അവരുടെ നിലപാട്.

ചെറിയ കാറ്റടിച്ചാൽ തകർന്ന് വീഴുന്ന തരത്തിലുള്ള പ്ലാസ്റ്റിക് കുടി

ലുകളിൽ പതിനായിരക്കണക്കിനാളുകളാണ് ചെങ്ങറയിലുള്ളത്. നിങ്ങൾ ഏതുതരം വിശ്വാസികളാണെങ്കിലും ദൈവം ഞങ്ങളോടൊപ്പമാണെന്നാണ് എനിക്കുതോന്നുന്നത്. കടുത്ത മഴയത്തുപോലും ഒരു മരവും ഒടിഞ്ഞ് ഒരു കുടിലിന്റെയും മുകളിൽ വീണിട്ടില്ല. വെള്ളത്തിന് യാതൊരു ക്ഷാമവും ഇതുവരെ അവിടെയുണ്ടായിട്ടില്ല. സമരം ചെയ്യാൻ പ്രകൃതി പോലും ഞങ്ങളെ അനുകൂലിക്കുമ്പോൾ രാഷ്ട്രീയ പാർട്ടികളെല്ലാം ഞങ്ങളെ തള്ളിപ്പറയുകയാണ്. നിലവിലുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ജനങ്ങൾക്ക് വിശ്വാസമില്ലാതായിത്തുടങ്ങിയതിന്റെ തെളിവാണ് ചെങ്ങറയിലെത്തിക്കൊണ്ടിരിക്കുന്ന പതിനായിരക്കണക്കിനാളുകൾ.

കേരളത്തിൽ 67 ലക്ഷത്തോളം പട്ടികജാതി വിഭാഗക്കാരാണുള്ളത്. അതിൽ അവശക്രൈസ്തവരും ഉൾപ്പെടും. എന്നാൽ ഇതിൽ ഒരു ലക്ഷം പോലും ഇതേവരെ ചെങ്ങറ സമരഭൂമിയിലേക്കെത്തിയിട്ടില്ല. സമരം ചെയ്യുന്നവർക്ക് ഭൂമികിട്ടുമെന്ന സാഹചര്യമുണ്ടായപ്പോൾ ചില പട്ടികജാതി സംഘടനകൾ പല കോളനികളിലും പോയി ഞങ്ങൾ വിതരണം ചെയ്യുന്നതുപോലെ ഒരു അപേക്ഷാഫോറം വിതരണം ചെയ്യുകയും ഭൂമി ലഭിക്കാൻ ചെങ്ങറയിൽ പോകേണ്ട ഇത് ഫോട്ടോ പതിച്ച് പൂരിപ്പിച്ചുതന്നാൽ മതിയെന്ന് പറയുകയും ചെയ്യുന്നുണ്ട്. ഗവൺമെന്റുമായി നടത്തിയ ചർച്ചയെ തുടർന്ന് പട്ടികവിഭാഗക്കാർക്ക് ഭൂമി നൽകാൻ സാധ്യത തുറന്നുകിട്ടിയതിനാൽ ഞങ്ങൾ ഇത്തരത്തിൽ ഒരു അപേക്ഷാഫോറം ചെങ്ങറ സമരത്തിൽ പങ്കെടുക്കുന്നവർക്ക് ഒരു തിരിച്ചറിയൽ രേഖയായി സർക്കാരിന് കൊടുക്കാനായി നൽകിയിരുന്നു. അപ്പോഴാണ് മറ്റുചില സംഘടനകളും ഇത്തരം ഫോമുമായി പട്ടികജാതിക്കാരെ കബളിപ്പിക്കാനിറങ്ങിയിരിക്കുന്നത്. ഈ രീതിയിലാണ് പട്ടികജാതി സംഘടനകളുടെ നിലപാടെങ്കിൽ അത് സമരത്തെ ദോഷകരമായി ബാധിക്കും. സമരത്തിൽ പങ്കെടുക്കാത്തവരെയും പട്ടികജാതിക്കാരല്ലാത്ത മറ്റുവിഭാഗങ്ങളേയും ഭൂമി കിട്ടുന്നതിൽനിന്നും ളാഹ ഗോപാലൻ ഒഴിവാക്കുന്നു എന്നതാണ് അവരുടെ ഇപ്പോഴത്തെ പരാതി. എന്നാൽ ചെങ്ങറ സമരം ളാഹ ഗോപാലൻ മാത്രം നടത്തുന്ന സമരമല്ല. ഈ പറയുന്നവർക്കും അവരുടെ ആളുകളെയും കൊണ്ട് ചെങ്ങറയിൽ വരാം, സമരം ചെയ്യാം. ചെങ്ങറ മാത്രമല്ല പത്തനംതിട്ട ജില്ലയിൽ മുപ്പതോളം തോട്ടങ്ങളാണ് ഈ വിധത്തിൽ അനധികൃതമായി പല കക്ഷികളുടെയും കയ്യിലിരിക്കുന്നത്. ളാഹയിലെ തോട്ടം മാത്രം മതി ഒരു ലക്ഷം പേർക്ക് ഒരേക്കർവെച്ച് വീതിച്ചുകൊടുക്കാൻ. ചെങ്ങറ സമരത്തെക്കുറിച്ച് പരാതിയുള്ള സംഘടനകളെല്ലാം വന്ന് ഈ തോട്ടങ്ങൾ കയ്യേറി സമരം ചെയ്ത് തുടങ്ങ്, അപ്പോൾ നിങ്ങൾക്കും ഭൂമി ലഭിക്കും. പട്ടികജാതിക്കാർക്ക് അവർക്കവകാശപ്പെട്ട ഭൂമി നൽകാതിരിക്കാൻ ഏതായാലും സർക്കാരിന് കഴിയില്ല. ഹാരിസണുമാത്രമല്ല, എ.വി.റ്റിക്കും പോബ്സണുമൊക്കെയായി എത്ര തോട്ടങ്ങളാണ് കേരളത്തിലെമ്പാടുമുള്ളത്, ഇതെല്ലാം കയ്യേറി സമരമാരംഭിക്കണം. അല്ലാതെ കുറ്റം പറയുകയല്ല വേണ്ടത്. ചെങ്ങറ സമരത്തിന് ന്യായമായ പരിഹാരമുണ്ടാക്കേണ്ടത് എന്റെ ആവശ്യമാണ്. ഞങ്ങൾ അതുമായി മുന്നോട്ടുപോകും. ബഹുമാനപ്പെട്ട എം.എൽ.എ. രാജു എബ്രഹാം ചിറ്റാർ എസ്റ്റേറ്റിൽ നിന്നും 5 ഏക്കർ ഭൂമി 5 ലക്ഷം രൂപയ്ക്കാണ് അടുത്തിടെ വാങ്ങിയത്. ഇതെല്ലാം പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയാണ്. ഇതിനെ ചോദ്യംചെയ്യുവാനും അന്വേഷിക്കാനുമൊന്നും ആരും തയ്യാറല്ല. എല്ലാവർക്കും ചെങ്ങറ സമരത്തെ കുറ്റംപറഞ്ഞാൽ മതി. നമ്മുടെ പട്ടികജാതിക്കാർക്കിടയിലുള്ള വിഭാഗീയത കൂടി വരുന്നത് ആർക്കും ഗുണപ്രദമല്ല. നിങ്ങൾക്കെല്ലാവർക്കും ഭൂമി വേണോ നിങ്ങളെല്ലാവരുംകൂടി വാ, നമുക്കൊരുമിച്ച് സമരം ചെയ്യാം. അല്ലാതെ എനിക്ക് വേറെ താൽപ്പര്യങ്ങളൊന്നുമില്ല.

1950 ജനുവരി 26-ന് ഭരണഘടന പുറത്തുവന്നപ്പോൾ ഇന്ത്യയിൽ അവശവിഭാഗങ്ങൾക്കെല്ലാം സംവരണം നൽകണമെന്ന് അതിലുണ്ടായിരുന്നു. എന്നാൽ 1950 ആഗസ്റ്റ് 10-ന് രാജേന്ദ്ര പ്രസാദ് കൊണ്ടുവന്ന പ്രത്യേക ഓർഡിനൻസ് വഴിയാണ് ഹിന്ദുക്കളല്ലാത്തവർ സംവരണ പട്ടികയിൽനിന്നും പുറത്തായത്. ഇത്തരത്തിൽ അവകാശ നിഷേധിക്കപ്പെട്ടവരെല്ലാം ഒരുമിച്ച് നിൽക്കേണ്ട സമയമാണിത്. നമ്മൾ സംഘടിതരല്ല, അതാണ് പ്രശ്നം. മുസ്ലീങ്ങൾക്ക് മക്കത്ത് പോകാൻ സബ്സിഡി കിട്ടുന്നുണ്ട്. അവർ സംഘടിതരാണ്. ഒരാൾ പട്ടികജാതിയാണെന്ന് പറഞ്ഞാൽ അതിൽ അവനേത് ജാതിയാണെന്നാണ് അടുത്ത ചോദ്യം. മുസ്ലീങ്ങൾക്കിടയിലും ഈഴവർക്കിടയിലുമെല്ലാം ഇങ്ങനെ വിഭാഗങ്ങളുണ്ടായിട്ടും ഒന്നു ചോദിക്കാത്തത് അവർ സംഘടിതമായി ഒറ്റക്കെട്ടായി നിൽക്കുന്നതുകൊണ്ടാണ്. അതുകൊണ്ട് കുറ്റംപറയാൻ മാത്രം നിൽക്കാതെ പട്ടികജാതി വിഭാഗക്കാരെല്ലാം ഒറ്റക്കെട്ടായി വാ, എന്റെ കൂടെയോ എന്റെ മുന്നാലെയോ പോ, നമുക്ക് എത്ര ഭൂമി കയ്യേറണം?

ളാഹ ഗോപാലൻ ഒത്തുതീർപ്പുണ്ടാക്കിയാൽ ഭവിഷത്തുണ്ടാകുമെന്നാണ് പലരും പറയുന്നത്. നിങ്ങളും ഒത്തുതീർപ്പുണ്ടാക്കാൻ കൂടെ കൂടിക്കോ. ഞാൻ ആരെയും തടയുന്നില്ല. എന്നിട്ടും ആരെയും ചെങ്ങറയിലേക്ക് കാണുന്നില്ലല്ലോ? കേരളത്തിൽ എവിടെയാണ് പട്ടികജാതിക്കാരന് സ്വയം പര്യാപ്തതയുള്ളത്. കഴിഞ്ഞ പഞ്ചവത്സരപദ്ധതികളിൽ നീക്കിവെച്ചിരുന്ന തുകയെല്ലാം എവിടെപ്പോയി? പട്ടികജാതിക്കാരന് ഇപ്പോഴും കക്കൂസ് കുത്തണമെങ്കിൽ പഞ്ചായത്തിൽനിന്നും പണം കിട്ടണം. പിന്നെവിടെയാണ് സുഹൃത്തെ സ്വയം പര്യാപ്തത? പട്ടികജാതി സംഘടനകൾ ഇതിനുത്തരം പറയാൻ തയ്യാറാകണം.

ആദിവാസികളുടെ അവസ്ഥ ഇതിലും ശോചനീയമാണ്. സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ അവർ കബളിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവരുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനുമുന്നിൽ സമരം നടക്കുമ്പോൾ 2001 ഒക്ടോബർ 3-ന്

**ചെങ്ങറ സമരത്തിന് പിന്തുണ നൽകുന്നവർ അവിടെ അരിയുമായി എത്തി ഫോട്ടോ എടുത്ത് പത്രത്തിൽ കൊടിത്തിട്ടു പോയാൽ ഒരു കാര്യവുമില്ല. അത് ചെങ്ങറ സമരത്തിനുള്ള പിന്തുണയാകില്ല. നിങ്ങൾക്ക് ചെങ്ങറ സമരത്തെ പിന്തുണയ്ക്കണമെന്നുണ്ടെങ്കിൽ നിങ്ങളുടെ കളക്ട്രേറ്റിന് മുന്നിൽ നിങ്ങളും അനിശ്ചിതകാല സമരമാരംഭിക്കുകയാണ് വേണ്ടത്. അത്തരത്തിൽ കേരളം മുഴുവൻ ഒരുപോലെ സമരം ചർച്ചചെയ്യപ്പെടണം. അതാണ് സമരത്തിന് നൽകാവുന്ന ഏറ്റവും വലിയ പിന്തുണ.**

ജാനു സമരം നിർത്തണമെന്നും ആദിവാസികളെ കബളിപ്പിക്കരുതെന്നും ആവശ്യപ്പെട്ട് ഞാൻ തിരുവനന്തപുരത്ത് പത്രസമ്മേളനം നടത്തിയിരുന്നു. ആദിവാസി വഞ്ചന നടത്തിയതിന് ജാനുവിനെ അറസ്റ്റുചെയ്യാൻ ഞങ്ങൾ ആവശ്യപ്പെട്ടു. മലബാറിലുള്ള ചില കുടിയേറ്റക്കാരുമായി കരാറുണ്ടാക്കി കോൺഗ്രസ്സുകാർ സി.കെ.ജാനുവിനെ ഉപയോഗിച്ച് ആദിവാസികളെ വഞ്ചിക്കുകയായിരുന്നു. അതുകൊണ്ടാണ് അവർക്ക് ഇന്നീഗതിയുണ്ടായത്.

ആദിവാസികൾക്ക് ഭൂമികൊടുക്കുന്നതിനായി പ്രത്യേക പാക്കേജ് ഉണ്ടാക്കുകയാണ് വേണ്ടത്. മേൽനോട്ടത്തിന് ഒരു സംഘം വേണം. രണ്ടുവർഷമെങ്കിലും കുളിച്ചു നനച്ചും കൃഷിചെയ്ത് ജീവിക്കുന്നതിനുള്ള ഗുണം അവർ മനസ്സിലാക്കണം. അതിനുള്ള പരിശീലനം കൊടുക്കണം. എങ്കിലേ ആദിവാസികൾക്ക് കൊടുക്കുന്ന ഭൂമി അവരുടെ കയ്യിലിരിക്കുകയുള്ളൂ. അട്ടത്തോട് കോളനിയുടെ അനുഭവം ഓർമ്മയുണ്ടല്ലോ? അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് പത്തനംതിട്ടയിലെ അട്ടത്തോടിൽ ആദിവാസികളെ കൊണ്ടുവന്ന് കോളനികളുണ്ടാക്കി താമസിപ്പിച്ചു. ഇന്ന് 30 വർഷം കഴിഞ്ഞ് ചെന്നുനോക്കുമ്പോൾ അവിടെ ഒരാദിവാസിപോലും കാണാനില്ല. അവരുടെ പേരിലുണ്ടായിരുന്ന ഭൂമിയെല്ലാം പലരും തട്ടിയെടുത്തു. അവരെല്ലാം തിരിച്ച് കാട്ടിലേയ്ക്ക് പോയി ദുരിതജീവിതം നയിക്കുകയാണ്. ജാനുവിന്റെ നേതൃത്വത്തിൽ സമരംചെയ്ത് പട്ടയം കിട്ടിയ ആദിവാസികൾ നാലര വർഷമായി പട്ടയവും കൊണ്ടുനടക്കുകയാണ്. അവരുടെ ഭൂമി എവിടയാണെന്ന് അവർക്ക് ഇതേവരെ കണ്ടെത്താൻ കഴിഞ്ഞില്ല. ജാനുവിന്റെ സമരത്തോടെ ആദിവാസികൾക്ക് വനത്തിന് മുകളിലുള്ള പരമ്പരാഗത അവകാശം നഷ്ടപ്പെട്ടു. ചിന്നക്കനാലിലും അവർ അനുഭവിക്കുന്നത് കണ്ടില്ലേ?. സി.ഐ.ടി.യുക്കാരാണ് അവരെ അവിടെനിന്നും ഇറക്കിവിട്ടത്. അവർക്ക് പറ്റിയ അബദ്ധം എനിക്കു പറ്റില്ല. അതുകൊണ്ടാണ് ഭൂമി കണ്ടെത്തി തരാതെ ചെങ്ങറ സമരം അവസാനിപ്പിക്കില്ലെന്നുപറയുന്നത്.

ചെങ്ങറ സമരത്തിന് പിന്തുണ നൽകുന്നവർ അവിടെ അരിയുമായി എത്തി ഫോട്ടോ എടുത്ത് പത്രത്തിൽ കൊടിത്തിട്ടുപോയാൽ ഒരു കാര്യവുമില്ല. അത് ചെങ്ങറ സമരത്തിനുള്ള പിന്തുണയാകില്ല. നിങ്ങൾക്ക് ചെങ്ങറ സമരത്തെ പിന്തുണയ്ക്കണമെന്നുണ്ടെങ്കിൽ നിങ്ങളുടെ കളക്ട്രേറ്റിന് മുന്നിൽ നിങ്ങളും അനിശ്ചിതകാല സമരമാരംഭിക്കുകയാണ് വേണ്ടത്. അത്തരത്തിൽ കേരളം മുഴുവൻ ഒരുപോലെ സമരം ചർച്ചചെയ്യപ്പെടണം. അതാണ് സമരത്തിന് നൽകാവുന്ന ഏറ്റവും വലിയ പിന്തുണ. എന്നെ മാത്രമാണ് സർക്കാർ തലത്തിൽ ചർച്ചയ്ക്ക് വിളിക്കുന്നതെന്നാണ് ചിലരുടെയെല്ലാം പരാതി. നിങ്ങളെ ചർച്ചയ്ക്ക് വിളിക്കണമെങ്കിൽ നിങ്ങളും സജീവമായി സമരത്തിൽ ഉണ്ടാകണം. അപ്പോൾ സ്വാഭാവികമായി നിങ്ങളും ചർച്ചയിൽ ഉൾപ്പെടും. അതും സമരത്തിനുള്ള പിന്തുണയാണ്. ഒരു പട്ടികജാതിക്കാരന് ചെങ്ങറയിലെത്തി കുടിലുകെട്ടി സമരത്തിൽ പങ്കാളിയാകണമെങ്കിൽ മിനിമം 1000 രൂപയെങ്കിലും കയ്യിൽ വേണം. 410 രൂപ ഞങ്ങൾ സമരഫണ്ട് വാങ്ങുന്നുണ്ട്. അത്രയും പൈസ നീക്കിവെയ്ക്കാനില്ലാത്തതുകൊണ്ടാണ് പലരും ചെങ്ങറയിലെത്താത്തത്. അല്ലാതെ സമരത്തിന് പിന്തുണ തരാൻ തയ്യാറല്ലാഞ്ഞിട്ടോ ഭൂമി വേണ്ടാത്തതുകൊണ്ടോ അല്ല പല പട്ടികജാതിക്കാരും സമരത്തിൽ നിന്നും മാറി നിൽക്കുന്നത്.

സമരത്തിന് പരിഹാരം കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ അടുത്ത ലോകസഭാ ഇലക്ഷന്റെ കാലമാകുമ്പോഴേക്കും ഒരു മൂന്നാം മുന്നണി രൂപീകരിച്ച് ജനങ്ങളിഷ്ടപ്പെടുന്ന ഒരു രാഷ്ട്രീയപാർട്ടിയുമായി മുന്നോട്ട് വരണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. നിലവിലുള്ള രാഷ്ട്രീയപാർട്ടികളിൽ ജനങ്ങൾക്ക് തീർത്തും താൽപ്പര്യമില്ലാതെയായിട്ടുണ്ട്. അവരെല്ലാം കള്ളന്മാരാണെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞുകഴിഞ്ഞു. ഇനി കള്ളനാണെന്ന് ഇതേവരെ ബോധ്യപ്പെടാത്ത കള്ളന്മാരുടെ സംഘമാണുണ്ടാകേണ്ടത്.

(ജൂലൈ 26, 27 തിയതികളിൽ കാലടി സമീക്ഷയിൽ വെച്ചുനടന്ന എൻ.എ.പി.എം. ശില്പശാലയിൽ 'ഭൂമിയുടെ രാഷ്ട്രീയം' എന്ന വിഷയത്തിൽ നടന്ന പ്രഭാഷണം.)

### ഒടുവിൽ കിട്ടിയത്

**ചെങ്ങറ സമരം ഒത്തുതീർപ്പിലേയ്ക്ക്**

ചെങ്ങറയിൽ ഹാരിസൺ കൈവശം വെച്ചിരിക്കുന്ന ഭൂമി അളന്നുതിട്ടപ്പെടുത്തി ഒരാൾക്ക് 25 സെന്റ് എന്ന രീതിയിൽ ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്കും ആദിവാസികൾക്കും നൽകാൻ സർക്കാരും സമരക്കാരും തമ്മിൽ നടന്ന ചർച്ചയിൽ ഒത്തുതീർപ്പായി. മന്ത്രിമാരായ കെ.പി.രാജേന്ദ്രന്റേയും, എ.കെ.ബാലന്റെയും നേതൃത്വത്തിൽ നടന്ന ചർച്ചയിൽ സമരസമിതിക്കുവേണ്ടി ളാഹ ഗോപാലൻ, സി.ആർ. നീലകണ്ഠൻ എന്നിവർ പങ്കെടുത്തു. സമരം ഒത്തുതീർന്നാലും മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ചെങ്ങറ സമരത്തിനെതിരെ നടന്ന ജനാധിപത്യവിരുദ്ധ അക്രമങ്ങളും അതിനോട് പ്രബുദ്ധകേരളം പുലർത്തിയ മൗനവും ഒത്തുതീർപ്പിന്റെയും കണക്കിൽ പെടുത്താൻ കഴിയാത്ത മുറിവുകളായി തുടരും.